(ബി) ഓരോ പദ്ധതിക്കും ഭരണാനുമതി നൽകി അനുവദിച്ച തുക , ചെലവഴിച്ച തുക, ഓരോ പദ്ധതിയുടെയും നിലവിലെ അവസ്ഥ എന്നിവ വിശദമായി വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) <u>ഫിഷറീസ് വകുപ്പ്</u>

ഫിഷറീസ് വകുപ്പിന്റെ കീഴിലുള്ള വിവിധ വകുപ്പുകൾ ഏജൻസികൾ/ കോർപ്പറേഷനുകൾ മുഖേന കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള വികസന പദ്ധതികളുടെ വിശദവിവരം അനുബന്ധം (എ) ആയി ചേർത്തിരിക്കുന്നു.*

<u>ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്</u>

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ ചുവടെ ചേർക്കുന്ന പദ്ധതികളാണ് നടപ്പിലാക്കി വരുന്നത് :

1. കൊയിലാണ്ടി മത്സ്യബന്ധന തുറമുഖം (50 % CSS)
2. കാപ്പാട് കൊയിലാണ്ടി റോഡിന്റെ നിർമ്മാണം (നബാർഡ്)
3. 27 തീരദേശ റോഡുകൾ (സ്റ്റേറ്റ് നോൺ പ്ലാൻ)
4. എം.എൽ.എ ഫണ്ടിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ 2 പ്രവൃത്തികൾ

(ബി) ഫിഷറീസ് വകുപ്പ് ഓരോ പദ്ധതിക്കും ഭരണാനുമതി നൽകി അനുവദിച്ച തുക, ചെലവഴിച്ച തുക, ഓരോ പദ്ധതിയുടെയും നിലവിലെ അവസ്ഥ എന്നിവ അനുബന്ധം (ബി) ആയി ചേർത്തിരിക്കുന്നു.*

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചെലവഴിച്ച തുക, ഓരോ പദ്ധതിയുടെയും നിലവിലെ അവസ്ഥ എന്നിവ അനുബന്ധം (സി) ആയി ചേർത്തിരിക്കുന്നു.*

## ഓഷ്യനേറിയം പദ്ധതി

**200 (208)** <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈപ്പിനിലെ നിർദ്ദിഷ്ട ഓഷ്യനേറിയം പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ചുള്ള പാരിസ്ഥിതിക ആഘാത പഠന റിപ്പോർട്ട്, പാരിസ്ഥിതിക അനുമതിക്കായുള്ള അപേക്ഷ എന്നിവ 2015 മേയ് 28, 29 എന്നീ തീയതികളിൽ നടന്ന വിദഗ്ധ അവലോകന സമിതിയുടെ യോഗത്തിൽ പരിഗണിച്ചിട്ടുണ്ടോ ; യോഗതീരുമാനം വ്യക്തമാക്കാമോ ;

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഫിർമയിൽനിന്നും 6-5-2014-ന് ലഭിച്ച അപേക്ഷ പരിഗണിച്ച് സ്റ്റേറ്റ് എൻവയൺമെന്റ് ഇംപാക്ട് അസസ്മെന്റ് അതോറിറ്റി 15 കാര്യങ്ങളിൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് ഫിർമയ്ക്ക് നൽകിയ കത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ ?

ഉത്തരം

(എ) 2015 മേയ് 29-ന് നടന്ന വിദഗ്ധ അവലോകന സമിതിയുടെ യോഗത്തിൽ അപേക്ഷ പരിഗണിച്ച് ആവശ്യമായ വിശദീകരണം നൽകുന്നതിന് ആവശ്യപ്പെട്ടു കൊണ്ട് തീരുമാനമെടുത്തു.

(ബി) വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് കത്ത് ലഭിച്ചിട്ടില്ല.

## ഉൾനാടൻ ജലാശയങ്ങളിലെ മത്സ്യകൃഷി

**201 (209)** ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉൾനാടൻ ജലാശയങ്ങളിൽ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികൾ ആണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ ഉൾനാടൻ ജലാശയങ്ങളിൽ മത്സ്യകൃഷി വർദ്ധിപ്പിക്കുന്നതിനായി എത്ര തുക ചെലവഴിച്ചു ; വിശദാംശം ലഭ്യമാക്കാമോ ;

(സി) പാലക്കാട് ജില്ലയിലെ ഉൾനാടൻ മത്സ്യകൃഷി വർദ്ധിപ്പിക്കുന്നതിനായി എന്തെല്ലാം പ്രത്യേക പദ്ധതികൾ ആണ് ആവിഷ്കരിച്ചിട്ടുള്ളത് ; എത്ര തുക ഇതിനായി ചെലവഴിച്ചു; വിശദാംശം ലഭ്യമാക്കാമോ ?

ഉത്തരം

(എ) ഉൾനാടൻ ജലാശയങ്ങളിൽ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി മുഴുവൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സഹകരണത്തോടെ 2012-15 വർഷക്കാലയളവിൽ നടപ്പിലാക്കിയ മത്സ്യസമൃദ്ധി I പദ്ധതി വിജയകരമായി പൂർത്തിയാക്കി. തുടർന്ന് കൂടുതൽ ജനപങ്കാളിത്തത്തോടെ കർഷകർക്ക് മെച്ചപ്പെട്ട ആനുകൂല്യങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് 2015-18 കാലയളവിൽ മത്സ്യസമൃദ്ധി II എന്ന പേരിൽ പുതിയ പദ്ധതി സംസ്ഥാനത്ത് ഫിഷറീസ് വകുപ്പ് മുഖേന നടപ്പിലാക്കിവരുന്നു. 110.73 കോടി രൂപ ധനസഹായം നൽകുന്ന തരത്തിലാണ് പുതിയ പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly